ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, എന്റെ മണ്ഡലത്തിലേതടക്കം പല വില്ലേജുകളിൽ റീ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടെങ്കിലും അതിന്റെ ഗുണം ജനങ്ങൾക്ക് ഇതുവരെ അനുഭവവേദ്യമായിട്ടില്ല. വില്ലേജുകളുടെ ബൈഫർക്കേഷൻ നൊക്കുന്നതാണോ അതിനുള്ള തടസ്സമെന്ന് വ്യക്തമാക്കാമോ ?

ശ്രീ. അടൂർ പ്രകാശ്: സർ, റീ സർവ്വേ പൂർത്തീകരിച്ച സ്ഥലങ്ങളിൽ ബഹുമാനപ്പെട്ട അംഗം ചോദിച്ചതുപോലെ വില്ലേജുകളുടെ ബൈഫർക്കേഷനുമായി ബന്ധപ്പെട്ട വിഷയങ്ങളൊന്നും തന്നെയില്ല. മറ്റെന്തെങ്കിലും തടസ്സങ്ങളോ പ്രശ്നങ്ങളോ ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ തീർച്ചയായും സ്വീകരിക്കാൻ കഴിയുന്നതാണ്.

മി. സ്പീക്കർ: ഒരുപാട് അംഗങ്ങൾ ഇതുമായി ബന്ധപ്പെട്ട് ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ട്. ഇപ്പോൾതന്നെ അരമണിക്കൂർ കഴിഞ്ഞു. റീസർവ്വേയുമായി ബന്ധപ്പെട്ട് എല്ലാവർക്കും ആശങ്കകളുണ്ട്. പക്ഷെ, എല്ലാവർക്കും ചോദ്യം ചോദിക്കാൻ സാധ്യമല്ലാത്തതുകൊണ്ട് അടുത്ത ചോദ്യത്തിലേക്ക് കടക്കുകയാണ്

മി. സ്പീക്കർ : ചോദ്യം നമ്പർ *662

മത്സ്യബന്ധന തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ

2 (*662) ശ്രീ. തോമസ് ചാണ്ടി :

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തിനുള്ള സബ്സിഡി മണ്ണെണ്ണവിഹിതം വെട്ടിക്കുറച്ചത് പരിഷ്കരണക്കിന് മത്സ്യബന്ധനത്തൊഴിലാളികളെ ദുരിതത്തിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വെട്ടിക്കുറച്ച സബ്സിഡി മണ്ണെണ്ണവിഹിതം തിരിച്ചു ലഭിക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; ഇക്കാര്യത്തിൽ അടിയന്തരനടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ;

(സി) വിപണി വിലയ്ക്ക് മണ്ണെണ്ണ വാങ്ങി കടലിൽ പോയി മത്സ്യബന്ധനം നടത്താൻ കഴിയാത്ത സാഹചര്യത്തിൽ തീരദേശത്തെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം ഉപേക്ഷിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി മത്സ്യബന്ധനത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) പൊതുവിതരണ സമ്പ്രദായംവഴി വിതരണം ചെയ്യുവാനായി കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സബ്സിഡി മണ്ണെണ്ണയുടെ സംസ്ഥാനവിഹിതം വെട്ടിക്കുറച്ചെങ്കിലും മത്സ്യബന്ധന മേഖലയ്ക്കായി ഇതിൽനിന്നും നൽകി വന്നിരുന്ന വിഹിതമായ 2525 കിലോലിറ്ററിൽ കുറവുവരുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വെട്ടിക്കുറച്ച സബ്സിഡി മണ്ണെണ്ണ വിഹിതം തിരിച്ചു ലഭിക്കാനായി കേന്ദ്രത്തോട് പലപ്രാവശ്യം ആവശ്യപ്പെട്ടിരുന്നുവെങ്കിലും കേന്ദ്രത്തിൽനിന്ന് അനുകൂല നടപടി ഉണ്ടായിട്ടില്ല. എൽ.പി.ജി. കണക്ഷനുകളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഒരേ ആവശ്യത്തിനായി രണ്ടുതരത്തിലുള്ള സബ്സിഡി നൽകാൻ കഴിയില്ലെന്നാണ് കേന്ദ്രസർക്കാരിന്റെ നിലപാട്. കൂടാതെ നിലവിൽ മത്സ്യമേഖലയിൽ അനുവദിച്ചുനൽകുന്ന മണ്ണെണ്ണ അപര്യാപ്തമായതിനാൽ മത്സ്യമേഖലയ്ക്ക് പ്രത്യേകം കോട്ട അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. എം.പി.മാരുടെ കോൺഫറൻസിലും മണ്ണെണ്ണ കോട്ട വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്ന പദ്ധതിക്കായി 2014-15 വർഷത്തെ ബഡ്ജറ്റിൽ 100 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുവേണ്ട മണ്ണെണ്ണ കോട്ട അനുവദിക്കുന്നതിനായി കേന്ദ്ര പെട്രോളിയം വകുപ്പുമായി ബന്ധപ്പെടുകയും ആയതിന്റെ ഫലമായി 26,000 കിലോലിറ്റർ മണ്ണെണ്ണ അനുവദിക്കുകയുമുണ്ടായിട്ടുണ്ട്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, വെട്ടിക്കുറച്ച സബ്സിഡി മണ്ണെണ്ണ വിഹിതം ലഭിക്കുന്നതിനായി കേന്ദ്രത്തിൽ നിരവധി തവണ സമ്മർദ്ദം ചെലുത്തിയെങ്കിലും അനുകൂലമായ മറുപടിയല്ല ലഭിച്ചതെന്നും ഇതിനുവേണ്ടിയുള്ള ശ്രമങ്ങൾ തുടരുമെന്നും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതിന്റെ അർത്ഥം സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികൾ ഒട്ടും ഫലപ്രദമായിട്ടില്ലെന്നാണ്. ആയതിനാൽ ഫലപ്രദമായ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; അതുപോലെതന്നെ ഇത്തരത്തിൽ പ്രയാസമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കാൻ സബ്സിഡി അടിസ്ഥാനത്തിൽ അവർക്ക് മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് ബഡ്ജറ്റിൽ പ്രഖ്യാപനമുണ്ടായിയെന്ന് അങ്ങ് ചൂണ്ടിക്കാണിച്ചു. ആ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭിക്കുന്നതിനുവേണ്ടി ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; അവർക്ക് മണ്ണെണ്ണ കൊടുത്തുതുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് എത്ര രൂപ നിരക്കിലാണ് സബ്സിഡി കൊടുക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ മുതൽ നിരന്തരമായി ഇക്കാര്യം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയും പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. പുതിയ കേന്ദ്ര ഗവൺമെന്റിലും സംസ്ഥാന ഗവൺമെന്റ് ഇക്കാര്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഫലപ്രദമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകുന്നുണ്ട്. എൽ.പി.ജി.

LIBRARY ARCHIVES Kerala Legislative Assembly

കണക്ഷനുകൾ വർദ്ധിച്ചതും ഇലക്ട്രിഫൈഡ് ഹൗസ്ഹോൾഡ്സിന്റെ എണ്ണം വർദ്ധിച്ചതുമാണ് മണ്ണെണ്ണ വിഹിതം കുറയാനുള്ള പ്രധാന കാരണം. ഇപ്പോൾ ലഭ്യമായിരിക്കുന്ന കണക്കുപ്രകാരം 78 ലക്ഷത്തോളം കാർഡുടമകൾ, എൽ.പി.ജി. ഉപഭോക്താക്കൾകൂടിയാണ്. അതിൽ 73 ലക്ഷത്തോളം പേർ ആക്ടീവ് ഉപഭോക്താക്കളാണ്. ഓരോ വർഷം കഴിയുന്തോറും മണ്ണെണ്ണയുടെ വിഹിതം കുറഞ്ഞുവരുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. 2009-ൽ സംസ്ഥാനത്തിന് വകയിരുത്തിക്കൊണ്ടിരുന്നത് 23200 കിലോലിറ്റർ മണ്ണെണ്ണയായിരുന്നു. 2010 ആയപ്പോൾ അത് 18756 കിലോ ലിറ്റർ ആയി കുറഞ്ഞു. ഏകദേശം അൻപത് ലക്ഷത്തോളം ലിറ്ററിന്റെ കുറവാണ് 2009 നും 2010 നുമിടയ്ക്ക് ഉണ്ടായിട്ടുള്ളത്. ഏറ്റവും ഒടുവിൽ 2012-ലാണ് 10020 കിലോലിറ്ററായി ഇത് നിജപ്പെടുത്തിയിരിക്കുന്നത്. മണ്ണെണ്ണയുടെ വിഹിതം കൂട്ടി വാങ്ങുവാനുള്ള ആവശ്യങ്ങൾ നിരന്തരമായി കേന്ദ്ര ഗവൺമെന്റ് മുമ്പാകെ വയ്ക്കാറുണ്ട്. മത്സ്യമേഖലയെ സംബന്ധിച്ച് പറയുകയാണെങ്കിൽ 1982 - മുതൽ പൊതുവിതരണത്തിനായി ലഭിക്കുന്ന മണ്ണെണ്ണയിൽനിന്നും ഒരു നിശ്ചിത വിഹിതം കൃത്യമായ നിലയിൽ മത്സ്യമേഖലയ്ക്കായി മാറ്റിവയ്ക്കുകയും അത് തുടർന്നുകൊണ്ടിരിക്കുകയുമാണ് ചെയ്യുന്നത്. ഇപ്പോൾ സംസ്ഥാനത്തിന് ലഭിക്കുന്ന മണ്ണെണ്ണ യഥാർത്ഥത്തിൽ പാചകത്തിനും വിളക്കുതെളിക്കുന്നതിനും മാത്രമാണെന്ന വ്യക്തമായ നിലയിൽ പെട്രോളിയം മന്ത്രാലയം ആവർത്തിച്ചുള്ള സർക്കുലറുകളിലൂടെ സംസ്ഥാന ഗവൺമെന്റിനെ ഓർമ്മിപ്പിക്കാറുണ്ട്. പക്ഷെ, മത്സ്യമേഖലയിലെ പ്രത്യേക സാഹചര്യം കണക്കാക്കി 2525 കിലോലിറ്റർ മണ്ണെണ്ണ മത്സ്യമേഖലയ്ക്കായി പ്രത്യേകം നീക്കിവയ്ക്കുകയാണ്. ബഡ്ജറ്റിൽ ലഭ്യമാക്കിയിരിക്കുന്ന തുകയ്ക്കനുസൃതമായുള്ള മണ്ണെണ്ണ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഫിഷറീസ് ഡിപ്പാർട്ടുമെന്റും കൈക്കൊള്ളുന്നുണ്ട്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി അടിസ്ഥാനത്തിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുവേണ്ടി കഴിഞ്ഞ തവണത്തെ ബഡ്ജറ്റിൽ 100 കോടി രൂപയുടെ പ്രഖ്യാപനം നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തീരദേശ മേഖലയിലെ 12 സ്ഥലങ്ങളിൽ മണ്ണെണ്ണ പമ്പുകൾ സ്ഥാപിച്ചുകൊണ്ടും മണ്ണെണ്ണ സബ്സിഡി അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ഏറെക്കുറെ പൂർത്തിയാകുന്ന ഘട്ടത്തിലാണ്. ഐ.ഒ.സി., ബി.പി.സി.എൽ., എച്ച്.പി. തുടങ്ങിയ ഓയിൽ കമ്പനികളുമായി ചർച്ച ചെയ്ത് ഇക്കാര്യം ക്രമീകരിച്ചുകൊണ്ടിരിക്കുകയാണ്. എസ്.ഡി.ജി. പമ്പുകൾ സ്ഥാപിക്കഴിഞ്ഞാൽ ഉടൻതന്നെ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മത്സ്യത്തൊഴിലാളികൾ മണ്ണെണ്ണ കിട്ടാതെ വലയുമ്പോൾ, തീരദേശങ്ങളിൽ കരിഞ്ചന്തയിൽ മണ്ണെണ്ണ യഥേഷ്ടം ലഭിക്കുന്ന സാഹചര്യമുണ്ട്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

ഈ കരിഞ്ചന്ത തടഞ്ഞാൽ മത്സ്യത്തൊഴിലാളികളെ സഹായിക്കാൻ സാധിക്കും. അത് തടയാൻ ഫലപ്രദമായ എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് ?

ശ്രീ. അനൂപ് ജേക്കബ് : സർ, തീരദേശ മേഖലയിൽ ശക്തമായ പരിശോധനകൾ നടത്തുന്നുണ്ട്. മണ്ണെണ്ണ കരിഞ്ചന്തയിൽ വിറ്റഴിക്കപ്പെടുന്നത് പല സന്ദർഭങ്ങളിലും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയും അതിനെതിരെ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അത്തരത്തിലുള്ള സാഹചര്യങ്ങളെ ശക്തമായ നിലയിൽത്തന്നെ ഗവൺമെന്റ് നേരിടും.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, നമുക്ക് പൊതുവിതരണത്തിന് ലഭിക്കുന്ന മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതി ഇൻഡ്യയിൽ ആദ്യമായി 1982-ൽ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോഴുള്ള യു.ഡി.എഫ്. ഗവൺമെന്റാണ് കൊണ്ടുവന്നത്. അത് തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് വലിയ ആശ്വാസമാണ് നൽകിയത്. ഇപ്പോഴും ആ ഒരു സിസ്റ്റം മാത്രമേ തുടരുന്നുള്ളൂ. അന്ന് കൊടുത്തിരുന്നതിനേക്കാൾ വളരെ കുറച്ച് മണ്ണെണ്ണയാണ് ഇപ്പോൾ കൊടുക്കുന്നത്. 9.9 എച്ച്.പി.യുള്ള ഒരു ഔട്ട് ബോർഡ് എഞ്ചിന് അന്ന് കൊടുത്തിരുന്നത് 350 ലിറ്റർ മണ്ണെണ്ണയാണ്. ഇപ്പോൾ അത് 125-130 ലിറ്ററായി കുറഞ്ഞു. ആവശ്യത്തിന് മണ്ണെണ്ണ ലഭിക്കാത്തതിനാൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയുന്നില്ല, പോയാൽത്തന്നെ കടത്തിൽനിന്നും കടത്തിലേക്ക് നീങ്ങുന്ന ഒരവസ്ഥയുണ്ട്. ഇന്ന് കേരളത്തിൽ രണ്ട് തരത്തിലുള്ള മണ്ണെണ്ണയുണ്ട്. പൊതുവിതരണത്തിനായി ലഭിക്കുന്നതും ഓപ്പൺ മാർക്കറ്റിൽ ലഭിക്കുന്നതും. ഓപ്പൺ മാർക്കറ്റിൽ ലഭിക്കുന്നത് വെള്ള മണ്ണെണ്ണയാണ്. സംസ്ഥാനത്ത് പൊതുവിതരണത്തിനായി ലഭിക്കുന്ന മണ്ണെണ്ണയുടെ അളവ് എത്രയാണ്; അത് കൂടുതൽ ലഭിക്കാനായി ശ്രമിച്ചിട്ടുണ്ടോ; മത്സ്യത്തൊഴിലാളികൾക്ക് ഇപ്പോൾ കൊടുക്കുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുവാൻ സിവിൽസപ്ലൈസ് വകുപ്പ് തയ്യാറാകുമോ ?

ശ്രീ. അനൂപ് ജേക്കബ് : സർ, പൊതുവിതരണത്തിനായി ലഭിക്കുന്ന മണ്ണെണ്ണയിൽനിന്ന് മത്സ്യത്തൊഴിലാളികൾക്ക് കൊടുത്തുകൊണ്ടിരിക്കുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുവാൻ ഇപ്പോൾ സാദ്ധ്യമല്ല. റേഷൻ കടകൾവഴി കൊടുക്കുന്ന മണ്ണെണ്ണയുടെ അളവ് അര ലിറ്ററാക്കിയത് സംബന്ധിച്ച് നിരന്തരമായ വിമർശനങ്ങൾ ഇപ്പോൾത്തന്നെയുണ്ട്. പലപ്പോഴും അംഗങ്ങൾതന്നെ ഇക്കാര്യം സഭയിൽ ഉന്നയിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, മത്സ്യത്തൊഴിലാളി മേഖലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 1982 മുതൽ സംസ്ഥാന സർക്കാർ തുടർന്നുവരുന്ന ഒരു രീതിയാണിത്. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന പരിമിതമായ മണ്ണെണ്ണ അലോട്ട്മെന്റിൽനിന്ന് മത്സ്യമേഖലയ്ക്ക് കൂടുതൽ മണ്ണെണ്ണ നൽകുക എന്നത് സാദ്ധ്യമായ കാര്യമല്ല. മറ്റുള്ള കാര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശ്രീരാമകൃഷ്ണൻ : സർ, മത്സ്യത്തൊഴിലാളികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന മണ്ണെണ്ണ മൂന്നോ നാലോ ദിവസത്തേക്ക് മാത്രമാണ് ഇപ്പോൾ തികയുന്നത്. 15 വർഷം കഴിയുമ്പോൾ മണ്ണെണ്ണ പെർമിറ്റുകൾ സ്വാഭാവികമായും റദ്ദാകും. റദ്ദാകുന്നതിന്റെ പിറ്റേദിവസം മുതൽ മണ്ണെണ്ണ നൽകുകയില്ല. ഒരു പുതിയ എഞ്ചിൻ വാങ്ങിയാൽ അതിന്റെ വെരിഫിക്കേഷൻ കഴിയാതെ അവർക്ക് മണ്ണെണ്ണ കൊടുക്കുകയില്ല. വെരിഫിക്കേഷനായി മൂന്നോ നാലോ വർഷങ്ങളെടുക്കും. പെർമിറ്റ് റദ്ദാക്കപ്പെടുമ്പോൾ ലഭിക്കുന്ന അധിക മണ്ണെണ്ണ ഗവൺമെന്റ് എന്ത് ചെയ്യുന്നു ; ഒരു പുതിയ എഞ്ചിൻ വാങ്ങിയാൽ ഉടൻതന്നെ മണ്ണെണ്ണ ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ; അതിനുള്ള തടസ്സമെന്താണ് ?

ശ്രീ. അനൂപ് ജേക്കബ് : സർ, ഇത്തവണ സമയബന്ധിതമായിത്തന്നെ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഫിഷറീസ് ഡിപ്പാർട്ടുമെന്റും മത്സ്യഫെഡും സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റും സംയുക്തമായാണ് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയത്. ഇൻസ്പെക്ഷന്റെ കാര്യത്തിൽ ഇത്തവണ സമയക്രമീകരണമുണ്ടായിട്ടില്ല. കേരളത്തിലെ 18,039 പെർമിറ്റുകൾക്കായാണ് ഇത്രയും മണ്ണെണ്ണ ഇപ്പോൾ വിതരണം ചെയ്യുന്നത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, കേന്ദ്രത്തിൽനിന്ന് മത്സ്യബന്ധന ആവശ്യത്തിനായി മണ്ണെണ്ണ ലഭിക്കുന്നില്ല. വീട്ടിൽ വിളക്ക് കത്തിക്കാനും ആഹാരം പാകം ചെയ്യാനുമാണ് മണ്ണെണ്ണ ലഭിക്കുന്നത്. ഇന്ന് ഈ രണ്ട് കാര്യത്തിനും കേരളം മറ്റ് സാദ്ധ്യതകൾ കണ്ടെത്തിക്കഴിഞ്ഞു. ഇപ്പോൾ സ്വാഭാവികമായും വീടുകളിൽ ഉപയോഗിക്കുന്ന മണ്ണെണ്ണയുടെ അളവ് കുറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇന്ന് നമുക്ക് പൊതുവിതരണത്തിനായി ലഭിക്കുന്ന മണ്ണെണ്ണയിൽ കുറച്ചുകൂടി ഈ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്കായി മാറ്റിവയ്ക്കുവാൻ കഴിയുമോ എന്നുള്ളകാര്യം ഗവൺമെന്റ് ആരായുമോ ?

ശ്രീ. അനൂപ് ജേക്കബ് : സർ, ബഹുമാനപ്പെട്ട റ്റി. എൻ. പ്രതാപന്റെ ചോദ്യത്തിനുള്ള മറുപടിയിൽ ഇക്കാര്യം ഞാൻ വ്യക്തമാക്കിയിരുന്നു. പൊതുവിതരണത്തിന് വരിക്കുന്ന മണ്ണെണ്ണയിൽനിന്ന് മത്സ്യ മേഖലയ്ക്ക് ഇനിയും കൂടുതൽ ലഭ്യമാക്കുകയെന്നുള്ളത് സാദ്ധ്യമായ കാര്യമല്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, യഥാർത്ഥത്തിൽ കാർഡ് ഒന്നിന് അര ലിറ്റർ മണ്ണെണ്ണ വീതം കൊടുക്കുന്നുവെന്ന് പറയുന്നുണ്ടെങ്കിലും, അത് വാങ്ങുന്ന ആളുകളുടെ എണ്ണം വളരെ കുറവാണ്. റേഷൻ കടകളിൽ ഒരു പരിശോധന നടത്തിയാൽ അങ്ങയ്ക്ക് ഇക്കാര്യം അറിയാൻ സാധിക്കും. അങ്ങ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന മണ്ണെണ്ണയിൽനിന്ന് അൽപ്പം പോലും കൂടുതലായി കൊടുക്കില്ലെന്ന് വാശിപിടിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. കാരണം, നമ്മുടെ സംസ്ഥാനത്തിന് ഏറ്റവുമധികം വിദേശനാണ്യം നേടിത്തരുന്ന ഒരു ജനവിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. അവർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നം പരിഹരിക്കാനായി നൂറ് കോടി

രൂപ മാറ്റിവച്ചുവെന്നുള്ളത് നല്ല കാര്യമാണ്. പക്ഷേ ഇതുവരെ ഫലത്തിൽ വന്നിട്ടില്ല. ഇപ്പോൾ പൊതുവിതരണത്തിന് നൽകുന്ന മണ്ണെണ്ണയിൽനിന്ന് കൂടുതൽ വിഹിതമെടുത്ത് മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കാനുള്ള തീരുമാനമെടുക്കുന്നതിന് എന്താണ് തടസ്സം; റേഷൻ കടകൾ വഴി നൽകുന്ന അര ലിറ്റർ മണ്ണെണ്ണ എല്ലാവരും വാങ്ങുന്നുണ്ടോ എന്നുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇന്ന് കരിഞ്ചന്തയിൽ മണ്ണെണ്ണ ലഭ്യമാണ്. എന്നാൽ പൊതുവിതരണ സമ്പ്രദായത്തിൽ മണ്ണെണ്ണ ലഭ്യമല്ല. ഇങ്ങനെ സംഭവിക്കുന്നതെന്തുകൊണ്ടാണ്; കരിഞ്ചന്തയ്ക്കുപിന്നിൽ ഒരു വലിയ ലോബി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നുണ്ട്. അത് മനസ്സിലാക്കി, മത്സ്യത്തൊഴിലാളികളുടെ കാര്യത്തിൽ ഒരു തുറന്ന സമീപനമെടുത്തുകൊണ്ട്, അവർക്ക് മണ്ണെണ്ണ കൊടുക്കാനുള്ള ആർജ്ജവം ഈ ഗവൺമെന്റ് കാണിക്കുമോ ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇക്കാര്യത്തിൽ ഗവൺമെന്റിന് യാതൊരു പിടിവാശിയുമില്ല. റേഷൻ കടയിലൂടെ വിതരണം ചെയ്യുന്ന മണ്ണെണ്ണ കൃത്യമായ നിലയിൽ കാർഡുടമകൾക്ക് കിട്ടുന്നില്ലെങ്കിൽ അത് സംബന്ധിച്ച പരിശോധനകൾ നടത്തും. ഈ ഗവൺമെന്റ് വന്നതിനുശേഷം, നോൺ ഇലക്ട്രിഫൈഡ് ഹൗസ് ഹോൾഡേഴ്സിന്റേതായി കണക്കാക്കിയിരുന്ന 5 ലക്ഷം കാർഡുകൾ ഇലക്ട്രിഫൈഡ് ഹൗസസ് കാർഡുകൾ ആക്കി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. മണ്ണെണ്ണ ദുരുപയോഗപ്പെടുത്തുന്ന സാഹചര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കുകയും അതിനനുസൃതമായ നടപടികളെടുക്കുകയും ചെയ്യുന്നുണ്ട്. ഒരു പിടിവാശിയോടെ ഞാൻ സംസാരിച്ചുവെന്ന് ബഹുമാനപ്പെട്ട അംഗം തെറ്റിദ്ധരിക്കരുത്. പൊതുവിതരണ സമ്പ്രദായത്തിലൂടെ ലഭിക്കുന്ന മണ്ണെണ്ണ തീർച്ചയായും റേഷൻ കാർഡ് ഉടമകൾക്ക് ലഭ്യമാക്കാനുള്ളതാണ്. മത്സ്യമേഖലയ്ക്കായി ഇനിയും കൂടുതൽ മണ്ണെണ്ണ നീക്കിവയ്ക്കണമെന്ന് പറഞ്ഞാൽ ഇപ്പോൾ നൽകുന്ന അര ലിറ്റർ മണ്ണെണ്ണ പോലും കൊടുക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാകും. അപ്പോൾ ഇതിനേക്കാളേറെ വിമർശനത്തിനുള്ള സാഹചര്യമുണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ കാര്യത്തിൽ ഗവൺമെന്റിന് തുറന്ന സമീപനമാണുള്ളത്. അതുകൊണ്ടാണ് പൊതുവിതരണത്തിനുള്ള മണ്ണെണ്ണയുടെ വിഹിതം കുറഞ്ഞിട്ടുപോലും മത്സ്യത്തൊഴിലാളി മേഖലയ്ക്കുള്ള കോട്ട കുറയ്ക്കാത്തത്.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: സർ, 2520 കിലോ ലിറ്റർ മണ്ണെണ്ണയാണ് മത്സ്യത്തൊഴിലാളികൾക്കുവേണ്ടി മാറ്റിവച്ചിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട സിവിൽസപ്ലൈസ് വകുപ്പുമന്ത്രി പറഞ്ഞു. അത് സബ്സിഡി നിരക്കിൽ 16-ഉം 17-ഉം രൂപയ്ക്ക് കൊടുക്കുന്നതാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച 100 കോടി രൂപയുടെ സബ്സിഡൈസ്ഡ് മണ്ണെണ്ണ ഈ 2520 കിലോ ലിറ്ററിൽ ഉൾപ്പെടുന്നതാണോ, ബി.പി.സി.എൽ. പോലെയുള്ള എണ്ണക്കമ്പനികളിൽ നിന്ന് പ്രത്യേകം വാങ്ങുന്നതാണോ എന്ന് വ്യക്തമാക്കുമോ ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇപ്പോൾ പൊതുവിതരണത്തിന് ലഭിക്കുന്ന മണ്ണെണ്ണയിൽ നിന്ന് 2520 ലിറ്റർ കൊടുക്കുന്നതിനുപുറമെ കൂടുതൽ വെള്ള മണ്ണെണ്ണ ലഭ്യമാക്കാനാണ് 100 കോടി രൂപ അനുവദിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, കഴിഞ്ഞ തവണ മത്സ്യബന്ധന വള്ളങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് നൽകുന്ന സമയത്ത് ഏറെ അപാകതകളുണ്ടായിട്ടുണ്ട്. അത് പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമെന്നാണ് അറിയിച്ചിരുന്നത്. പെർമിറ്റ് നൽകുന്നതിനുള്ള അടുത്ത വെരിഫിക്കേഷൻ എന്നാണ് തീരുമാനിച്ചിട്ടുള്ളത് ; എൽ.പി.ജി.-ക്ക് വളരെയേറെ സാദ്ധ്യത ഈ മംഗത്തുണ്ട്. മണ്ണെണ്ണയ്ക്കുപകരം വള്ളങ്ങളിൽ എൽ.പി.ജി. എഞ്ചിനുകൾ ഉപയോഗിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. അനൂപ് ജേക്കബ് : സർ, എൽ.പി.ജി. എഞ്ചിനുകൾ ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് പരിശോധിക്കാം. ഇപ്പോൾ ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞതിന്റെ ഫലമായിട്ടാണ് ഇത്രയും പെർമിറ്റുകൾ പുതുതായി അനുവദിച്ചത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, കഴിഞ്ഞ വെരിഫിക്കേഷനിലുണ്ടായ പോരായ്മകൾ പരിഹരിക്കുന്നതിന് പുതിയ വെരിഫിക്കേഷൻ നടത്തണമെന്ന് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് തീരുമാനിച്ചിരുന്നു. മേയ് മാസത്തിലാണ് ജോയിന്റ് വെരിഫിക്കേഷൻ തീരുമാനിച്ചിരുന്നത്. അപ്പോൾ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടമുണ്ടായിരുന്നതുകൊണ്ടും പിന്നീട് മൂന്നുനാലുമാസം മഴക്കാലമായതുകൊണ്ടും അത് പ്രായോഗികമല്ലായിരുന്നു. അതുകൊണ്ട് നവംബർ മാസത്തിൽ അടുത്ത വെരിഫിക്കേഷൻ നടത്താൻ തീരുമാനമെടുത്തിട്ടുണ്ട്. സംഘടനകളുമായി ചർച്ച ചെയ്ത് തീയതി ഉടൻതന്നെ പ്രഖ്യാപിക്കുന്നതാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ *663

ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ റിപ്പോർട്ട്

3 (*663) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം സംബന്ധിച്ച് പഠിക്കാൻ രൂപീകരിച്ചിരുന്ന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അതിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ് ;

(ബി) സർവ്വകലാശാലകളിലെ അഴിമതിയും സാമ്പത്തിക പ്രശ്നങ്ങളും പഠനവിധേയമാക്കിയിരുന്നോ ; വിശദമാക്കുമോ ;

(സി) സ്വയംഭരണ കോളേജുകൾക്ക് അനുവാദം നൽകുക വഴി സർവ്വകലാശാലകളുടെ പ്രവർത്തനം അപ്രസക്തമാകാനുള്ള സാഹചര്യം നിലവിലുണ്ടോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly